CASES FILED IN VILLAGE COURTS—PARTICULARS OF

129. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to state.—

(*a*) the numbr of cases filed in each of the village panchayt courts during 1118, 1119 and 1120;

(*b*) the income derived from each court;

(*c*) and the expenditure incurred on each court?

Mr. Parambi Lonappen *(Minister for Rural Development):*

(*a*), (*b*) and (*c*) A list containing the information is placed on the Council Table.

Mr. P. A. Muhamed Ashrof *(Cranganur):* May I know the reason, Sir, why the statement placed on the Council Table is not signed.

Mr. President: The Hon'ble Member may ascertain the reasons, privately. It is not a matter to bring before the Council.

Rao Sahib K. Ayyappan *(Kanayannur-Ezhuvas):* The questions on transferred subjects are printed every day at first. If questions on the reserved subjects are answered first at least on some days there will be an equal distribution of supplementary questions both to the transferred and to the reserved subjects, *(Hear, hear)* to give us a variety.

Mr. President: I shall consider the suggestion.

TREATISES REGARDING AGRICULTURAL OPERATIONS—PUBLICATION OF

130. മിസ്റ്റർ വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

(എ) കൃഷിഡിപ്പാർട്ടുമെണ്ടിൽനിന്നും ശാസ്ത്രീയമായ കൃഷിസമ്പ്രദായത്തെപ്പറ്റിയോ മറ്റോ കൃഷിക്കാരുടെ അറിവിന്നായി എന്തെങ്കിലും വിവരങ്ങൾ പ്രസിദ്ധീകരിക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസിദ്ധീകരണം എങ്ങിനെയാണു നൽകാറു;

(സി) ലഘുലേഖകൾ പ്രസിദ്ധീകരിക്കാറുണ്ടെങ്കിൽ ഇതുവരെയായി എത്ര എണ്ണം പ്രസിദ്ധപ്പെടുത്തി;

(ഡി) ഓരോ ലഘുലേഖയുടേയും എത്രപ്രതികൾ വീതമാണു പ്രസിദ്ധപ്പെടുത്തീട്ടുള്ളതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ഉവ്വു.

(ബി) ഉപദേശരൂപേണയും, പ്രംസഗങ്ങൾമുഖേനയും, ലഘുലേഖകൾമുഖേനയും, ഗവർമ്മെണ്ടു ഗസറ്റിലാണു ലഘുലേഖകൾ പ്രസിദ്ധം ചെയ്യാറു.

(സി) ൧൦൭.

(ഡി) യുദ്ധത്തിന്നുമുമ്പു ഓരോ ലഘുലേഖയുടെ ൫,൦൦൦ പ്രതികൾ വീതം അച്ചടിച്ചു വിതരണം ചെയ്യാറുണ്ടു. യുദ്ധംതുടങ്ങിയതിന്നുശേഷം കടലാസ്സിന്നു ക്ഷാമംനിമിത്തം ൧൦൦൦-ൽ കുറയാതെ പ്രതികൾ അച്ചടിച്ചു പ്രസിദ്ധം ചെയ്യാറുണ്ടു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഗവർമ്മെണ്ടു ഗസറ്റിലാണു ലഘുലേഖകൾ പ്രസിദ്ധം ചെയ്യാറു എന്നും ഓരോ ലഘുലേഖയുടേയും ൫,൦൦൦ പ്രതികൾ വീതം അച്ചടിച്ചു വിതരണം ചെയ്യാറുണ്ടു എന്നും പറഞ്ഞിട്ടുണ്ടു. ഈ ൫,൦൦൦ പ്രതികൾ വിതരണംചെയ്യുന്നതും ഗസറ്റിലാണോ?

മിസ്റ്റർ പറമ്പിലോനപ്പൻ: ഗസറ്റിൽ പ്രസിദ്ധം ചെയ്യുന്നതിന്നുംപുറമേയാണു ഈ ൫൦൦൦ പ്രതികൾ വിതരണം ചെയ്യുന്നതു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ആരാണു ഇതു പ്രസിദ്ധപ്പെടുത്തുന്നതു?

മിസ്റ്റർ പറമ്പിലോനപ്പൻ: Director of Agriculture ആണു.

PUBLICITY DIRECTOR AND INFORMATION OFFICER—QUALIFICATIONS, ETC.

131. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to state.—

(*a*) the name, age and antecedents of

1. the Information Officer and
2. the Publicity Director;

(This question may be answered in the same way as the Government expect the self same question to be answered by persons declaring themselves as editors of newspapers)

LIBRARY ARCHIVES Kerala Legislative Assembly

(*b*) the respective educational qualification of the above two officers and the dates on which either of them left University;

(*c*) the length of service (1) permanent and (2) temporary that each one has to his credit;

(*d*) the nature of (1) journalistic qualification and (2) any other special qualification that each of them possess in the matter of Publicity Work?

(*e*) the particular reason if any for the former being not promoted to the newly created post of the Publicity Director and the particular qualification of the present incumbent of that post which the present Publicity Officer does not possess;

(*f*) the professions or posts that each of them has occupied prior to recruitment to their present posts?

Rama Varmha Tampuran, M.B.E. *(Secretary to Government):*

	Information Officer	*Publicity Director*
(*a*)	Name M. Balakrishna Menon Age 50 Antecedents Good	Rama Varma (Appan) Thampuran 37 Good
(*b*)	B.A. and B.L., left University in 1918	M.A., The degree was taken in 1932, but left the University in 1935 after research work in the University Zoological Laboratory as stipendiary student.
(*c*)	4 years and 8 months	10 years and 4 months.
(*d*)	Was Editor of a humorous monthly 'Kerala Punch' for 4 years. Was Trichur correspondent for two Madras Dailies for some time. No special qualification for publicity work.	No journalistic qualification. Was working in the War Publicity Office from 1942 onwards.
(*e*)	The Information Officer was not promoted as the Publicity Director because it was considered that the War Publicity Officer who had gained experience in Publicity work would be the more suitable officer for the new post of Director of Publicity. It was understood that other Governments in India had also followed the same procedure.	
(*f*)	Was a vakil at Trichur for nearly 22 years. Was first appointed as Superintendent Kerala Kalamandalam and subsequently as Information Officer.	Was Assistant Professor of Zoology, Maharaja's College, Personal Assistant to the War Publicity Officer, Assistant War Publicity Officer and War Publicity Officer. Was also Warden of the Residential Palace for about 8 years.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഈ രണ്ടു ഉദ്യോഗസ്ഥന്മാരും ഒരു ഡിപ്പാർട്ട്മെണ്ടിൽ തന്നെയാണൊ?

രാമവർമ്മതമ്പുരാൻ: അല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: പബ്ലിസിറ്റി ഡയറക്ടരുടെ ചുമതല ഇന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ടൊ?

രാമവർമ്മതമ്പുരാൻ: അദ്ദേഹത്തെ നിയമിച്ച ആ പ്രൊസീഡിംഗ്സിൽതന്നെ അതു ക്ലിയറായിട്ടു പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ വി ആർ. കൃഷ്ണനെഴത്തശ്ശൻ: അദ്ദേഹത്തിന്റെ ജോലിയുടെ രൂപമൊന്നു പറയാമോ?

രാമവർമ്മതമ്പുരാൻ: പോസ്റ്റ് വാർ സ്കീം വരുന്നതിനെക്കുറിച്ചു പേപ്പറിൽ പബ്ലിസിറ്റി കൊടുക്കേണ്ടിവരും. പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ പലതും പബ്ലിസിറ്റി കൊടുക്കേണ്ടതുണ്ട്. ഇങ്ങിനെയുള്ള എല്ലാറ്റിനും വേണ്ടതായ പബ്ലിസിറ്റി കൊടുക്കേണ്ടിവരും.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഇങ്ങിനെ വല്ലതും ചെയ്തു തുടങ്ങിയോ.

രാമവർമ്മതമ്പുരാൻ: ചെയ്തു തുടങ്ങുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: Director ടെ കോളിഫിക്കേഷനുള്ള ഉത്തരത്തിന്റെ നേരെ No Journalistic qualification എന്നു പറഞ്ഞിട്ടുണ്ട്. അതെന്താണു്.

രാമവർമ്മതമ്പുരാൻ: എക്സ്പീരിയൻസു മതി. പബ്ലിസിറ്റി കോളിഫിക്കേഷനാണൊഇതു ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതു്?

Mr. V. R. Krishnan Ezhuthassan *(Oorakam)*: It is also stated there, "was Editor of a monthly Magazine and correspondent for 2 Madras dailies"

രാമവർമ്മതമ്പുരാൻ: ഇതിൽ പറഞ്ഞിരിക്കുന്ന ഉത്തരം വേറെ ചില പോരായ്മയ്ക്കാണു്.

Mr. P. A. Mohamed Ashrof *(Cranganur)*: May I know the duties of the Information Officer?

Rama Varmha Tampuran, M.B.E. *(Secretary to Government)*: The duty of the Information Officer is to act mostly as a liaison officer between the Press and the Government.

Rao Sahib K. Ayyappan *(Kanayannur-Ezhuvas)*: Is there any necessity for two Officers?

Rama Varmha Tampuran, M.B.E. *(Secretary to Government)*: The work of the two officers is quite different.

Rao Sahib K. Ayyappan *(Kanayannur-Ezhuvas)*: Cannot the Information Officer do the work?

Rama Varmha Tampuran, M.B.E. *(Secretary to Government)*: The Information Officer should always be available in the Secretariat. The Director of Publicity will have work only in the Fields.

Mr. Puthur Achutha Menon *(Kattur)*: Is any qualification necessary for the Information Officer's Post?

Rama Varmha Tampuran, M.B.E. *(Secretary to Government)*: Yes.

Mr. Puthur Achutha Menon *(Kattur)*: Had the Information Officer appointed any qualification for it?

Rama Varmha Tampuran, M.B.E. *(Secretary to Government)*: He had.

Mr. Puthur Achutha Menon *(Kattur)*: What is the qualification?

Rama Varmha Tampuran, M.B.E. *(Secretary to Government)*: He had journalistic experience before.

Mr. V. R. Krishnan Ezhuthassan *(Oorakam)*: What is the Publicity Officer's journalistic qualification?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: പബ്ലിസിറ്റി ഡയറക്ടർ ജേർണലിസ്റ്റിക്കു് കോളിഫിക്കേഷൻ വേണ്ടെ?

രാമവർമ്മതമ്പുരാൻ: അതത്യാവശ്യമല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ജേർണലിസ്റ്റിക്കു് കോളിഫിക്കേഷൻ എന്നു പറയുന്നതു് എന്താണു്?

രാമവർമ്മതമ്പുരാൻ: കടലാസിൽ എഴുത്തു പരിശീലനമുണ്ടാകും.

Rao Sahib K. Ayyappan *(Kanayannur-Ezhuvas)*: Will a Journalist prove a better Publicity Officer than a College Professor?

Rama Varmha Tampuran, M.B.E. *(Secretary to Government)*: Not at all necessarily.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഇൻഡ്യാ ഗവർമ്മെൻറും പ്രൊവിൻഷ്യൽ ഗവർമ്മെണ്ടു ജേർണലിസ്റ്റുസിനെയാണു് അവരുടെ പബ്ലിസിറ്റി വക്കു് എല്പിച്ചിട്ടുള്ളതെന്നു ഗവർമ്മെൻറിനറിയാമൊ?

രാമവർമ്മതമ്പുരാൻ: അതു ശരിയല്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know whether the answer given to the Hon'ble Member's question, the Hon'ble Member for Kanayannur, was whether the journalistic qualification will be a better qualification? That is not answered. Will that be answered?

Rama Varmha Tampuran, M.B.E. *(Secretary to Government)*: It is not necessarily so.

Rao Sahib K. Ayyappan *(Kanayannur-Ezhuvas)*: Is it not generally so?

Rama Varmha Tampuran, M.B.E. *(Secretary to Government)*: No.

മിസ്റ്റർ എം. കെ. രാജു: യുദ്ധാനന്തര പുനരുദ്ധാരണ പദ്ധതികൾക്കു് ഗവർമ്മെൻറു ഉദ്ദേശിക്കുന്ന പ്രസിദ്ധീകരണം പത്രങ്ങൾ വഴിയല്ലെ കൊടുക്കാവുള്ളു?

രാമവർമ്മതമ്പുരാൻ: അതൊരു വഴി പിന്നെ റേഡിയൊ, സിനിമ, മ്യൂസിക്കു് പാർട്ടി മുതലായ പല വഴികളുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: പത്രങ്ങളിൽ കൊടുക്കുന്നതു് മറ്റു വഴിയാണോ?

രാമവർമ്മതമ്പുരാൻ: അതൊരു വഴിയാണു്.

QUALIFICATION—WAR LIST OF VOTERS

132. Mr. M. K. Verghese *(Cranganur)*:

താഴെ പറയുന്ന ചോദ്യത്തിന്നു് മറുപടി തരുന്നതിന്നു് ഗവർമ്മെണ്ടിന്നു ദയവുണ്ടാകുമോ.—

(എ) 1-ാമാണ്ടത്തെ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിച്ചതായ വോട്ടേഴ്സ് ലിസ്റ്റിൽ ഓരോ ഇനം യോഗ്യതകളിലും എത്ര വോട്ടർമാർ വീതം ഉണ്ടായിരുന്നു?

Rama Varmha Tampuran, M.B.E. *(Secretary to Government)*:

മേശപ്പുറത്തു വെച്ചിരിക്കുന്ന വോട്ടേഴ്സ് ലിസ്റ്റിൽനിന്നു ഈ വിവരം ഗ്രഹിക്കാവുന്നതാണു്.

UNEMPLOYMENT PROBLEM IN THE STATE

133. Mr. P. K. Dewer *(Nominated)*: Will Government be pleased to state:—

(*a*) what attempts have they made so for to meet the unemployment problem in the State of (1) the educated (2) the skilled and unskilled workers;

(*b*) if they have any idea of the total number of unemployed, educated and otherwise?

Rama Varmha Tampuran, M.B.E. *(Secretary to Government)*:

(*a*) Government are doing their best to develop industries and agriculture and this will reduce unemployment largely.

(*b*) Statistics have not been compiled.

Mr. P. K. Dewer *(Nominated)*: Whether the Government have taken up any work to give employment?

Rama Varmha Tampuran, M.B.E. *(Secretary to Government)*: It was explained the other day that road works are about to be taken very shortly and some have been started.

Mr. P. K. Dewer *(Nominated)*: May I know whether those works will be done departmentally?

Rama Varmha Tampuran, M.B.E. *(Secretary to Government)*: It is proposed to do new works mostly departmentally.

134. Mr. P. Narayana Menon *(Trippunittura)*:

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) യുദ്ധം അവസാനിച്ചതോടുകൂടി സ്റ്റോറിൽ വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയെ പരിഹരിക്കുവാൻ ഗവണ്മെണ്ടു് വല്ല മാർഗ്ഗങ്ങളും അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണു് ആ മാർഗ്ഗങ്ങൾ?

Rama Varmha Tampuran, M.B.E. *(Secretary to Government)*:

(എ) തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന്നു ചില പദ്ധതികൾ ഗവണ്മെൻറിൽ നിന്നും പരീക്ഷാർത്ഥമായി അംഗീകരിച്ചിട്ടുണ്ടു്. ടി പദ്ധതികൾ പാസ്സായിക്കഴിഞ്ഞാൽ ഉടനെതന്നെ അവയുടെ പ്രവർത്തനം തുടങ്ങുന്നതിന്നാണു് ഗവണ്മെണ്ടുദ്ദേശിക്കുന്നതു്.

(ബി) ടി പദ്ധതികളുടെ പകർപ്പുകൾ മേശപ്പുറത്തു് വെച്ചിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: തൊഴിലില്ലായ്മയെ നിശേഷം പരിഹരിക്കുന്നതിന്നു തയ്യാറാക്കിയ സ്കീമിൽപ്പെട്ട പദ്ധതികളാണോ മേശപ്പുറത്തു വെച്ചിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ: അങ്ങിനെയാണെന്നു പറയുവാൻ നിവൃത്തിയില്ല. പലേ പണികളും ഗവർമ്മേൻറിൽനിന്നു എടുക്കുന്നുണ്ടു്. അതൊക്കെ ഈ സമയത്തു എടുക്കുകയാണെങ്കിൽ ഈ പറഞ്ഞ ഉദ്ദേശം സാധിക്കും.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിന്നു ചില പദ്ധതികൾ ഗവർമ്മേൻറിൽനിന്നു അംഗീകരിച്ചിട്ടുണ്ടു്. അതിൻറെ ഒരു സാമാന്യ രൂപം പറയാമോ?

രാമവർമ്മതമ്പുരാൻ: പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറു വക വർക്സാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. പിന്നെ കോളനൈസേഷൻ വർക്സുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ. എത്ര ദിവസത്തിനുള്ളിൽ ഈ പണികൾ തുടങ്ങുമെന്നു പറയാമോ?

രാമവർമ്മതമ്പുരാൻ: ചിലതു തുടങ്ങീട്ടുണ്ടു്; ചിലതു ഉടനെ തുടങ്ങുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly